## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 651 — 30.06.2016-ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികളികളുടെ മേൽ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തു പണിയെടുക്കുന്നവരും അലഞ്ഞുതിരിഞ്ഞുനടക്കുന്നവരുമായ അന്യസംസ്ഥാന തൊഴിലാളികൾ ഏതു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് സംസ്ഥാനങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) തൊഴിൽ വകുപ്പിന്റെ പക്കൽ വിവരങ്ങൾ ലഭ്യമല്ല. |
| (ബി) ഇവർ സംസ്ഥാനത്താകമാനം എന്തെല്ലാം തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്തുവരുന്നു എന്നും ഇവർക്ക് തൊഴിൽ നൽകാനും തരപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് ഏജൻറുമാരോ തൊഴിൽ പ്രൊമോട്ടർമാരോ മറ്റു ഏജൻസികളോ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇവർ എത്ര പേരുണ്ടെന്നും ഇവർക്ക് ഇതിനായി സർക്കാർ തലത്തിൽ രജിസ്ട്രേഷനോ മറ്റെന്തെങ്കിലും നിയന്ത്രണങ്ങളോ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ കരാറുകാർ മുഖേന പണിയെടുപ്പിക്കുന്നപക്ഷം കരാറുകാരനും തൊഴിലുടമയും ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് ആക്ട് 1979 പ്രകാരം രജിസ്ട്രേഷനും ലൈസൻസും തൊഴിൽ വകുപ്പിൽ നിന്ന് എടുക്കേണ്ടതാണ്. നിലവിൽ ടി നിയമപ്രകാരം ലൈസൻസ് അനുവദിച്ച 821 കരാറുകാർ സംസ്ഥാനത്ത് ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മാത്രമായി സംസ്ഥാനത്ത് ഏജന്റുമാരോ തൊഴിൽ പ്രമോട്ടർമാരോ മറ്റ് ഏജൻസികളോ പ്രവർത്തിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇല്ലെങ്കിൽ അന്യസംസ്ഥാന തൊഴിലാളികളെ തൊഴിലെടുപ്പിക്കാനായി എത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ തുടങ്ങിയ നിബന്ധനകൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) നിലവിൽ 1979-ലെ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം എന്നിവ പ്രകാരം രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചിരുന്നു. |

| | |
|---|---|
| (ഡി) ഓരോ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുതലങ്ങളിൽ പണിയെടുക്കുന്നവരും പുതുതായി പണിതേടിയെത്തി നിയോഗിക്കപ്പെട്ടുന്നവരുമായ അന്യസംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ വാർഡു തലങ്ങളിൽ ശേഖരിക്കുവാനും നിയന്ത്രിക്കാനും തദ്ദേശഭരണ വകുപ്പും തൊഴിൽ വകുപ്പും യോജിച്ച് പ്രവർത്തനം നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയ്ക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഈ പദ്ധതി ആരംഭിച്ചാൽ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും നടപ്പിലാക്കാവുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ